# GOOD SAMARITAN
## CHARITABLE & RELIEF SOCIETY
GSCRS - A Voluntary Movement for Charity Works
Reg. No. P 430/2009
Ph: 8547224211, 9947379213 (M)
Website : www.goodsamaritanranni.org
E-mail : bensiachenranni@gmail.com

## പതിനൊന്നാമത് വാർഷിക റിപ്പോർട്ട് (2019 - 2020)

ദൈവ പരിപാലനയാൽ നിറയപ്പെട്ട് അനുഗ്രഹീതമായ പതിനൊന്ന് കരുണാർദ്രമായ വർഷങ്ങൾ പിന്നിടുവാൻ നല്ല ശമര്യാക്കാരൻ ചാരിറ്റബിൾ ആന്റ് റിലീഫ് സൊസൈറ്റിക്ക് കഴിഞ്ഞതിൽ സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. 2009 നവംബർ മാസത്തിൽ ഈ പ്രസ്ഥാനം പ്രാർത്ഥനാപൂർവ്വം ആരംഭിച്ചപ്പോൾ സഹായമർഹിക്കുന്നവരെ കണ്ടെത്തി സഹായിക്കുക എന്ന അടിസ്ഥാന ലക്ഷ്യമിട്ടത് വ്യതിചലിക്കാതെ സഫലീകരിക്കുവാൻ സാധിച്ചു. നിരവധി ജീവകാരുണ്യ - സാമൂഹ്യ സേവന പ്രവർത്തനങ്ങൾ മാതൃകാപരമായി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിച്ചതിനു പിന്നിൽ പ്രാർത്ഥനയുടെ പിൻബലവും നല്ലവരുമായ ആളുകളുടെ സഹകരണവും സഹായങ്ങളുമാണെന്നത് എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു.

ഗുഡ്സമരിറ്റൻ അംഗങ്ങളുടെ സമർപ്പിതമായ സേവന താൽപ്പര്യങ്ങൾക്കുമുമ്പിൽ ഈശ്വര കൃപയുടെ പൂർത്തീകരണം അനുഭവിക്കുവാൻ സാധിക്കുന്നത് ഇത് ദൈവമഹത്വത്തിനുതകുന്ന പ്രവർത്തനമാണ് എന്നതിനാൽ മാത്രമാണ്. 2019 - 2020 വർഷം പൊതു സമൂഹത്തിന് നന്മ ചെയ്യുന്ന ഒരു അനുഗ്രഹീത കാലഘട്ടമായിരുന്നു.

## മുൻകാല പ്രവർത്തനങ്ങൾ

പ്രഥമ പദ്ധതിയായ "ആർദ്രത" പ്രാരംഭ പ്രവർത്തനമായി 2010 ജനുവരി 7 ന് ആരംഭിച്ചു. ശബരിമല വനമേഖലയിൽ റാന്നി വനം ഡിവിഷനിലെ ഗൂഡ്രിക്കൽ റേഞ്ച് പരിധിയിൽ ഒറ്റപ്പെട്ടുകഴിയുന്ന ആദിവാസി മലംപണ്ടാര കുടുംബങ്ങൾക്കിടയിൽ ജീവകാരുണ്യ - ആരോഗ്യ - ബോധന - ഭക്ഷണ - വസ്ത്ര - വൈദ്യ സഹായങ്ങളുമായി കൃത്യമായ ഇടവേളകളിലും പിന്നീട് തുടർ സന്ദർശനങ്ങളുമായും കടന്നുചെന്നു. ഇവരുടെ പുനരധിവാസത്തിനായി സർക്കാരിനോട് ആവശ്യപ്പെടുകയും മാദ്ധ്യമങ്ങൾ വഴി പൊതുസമൂഹത്തെ അറിയിക്കുകയും ചെയ്തു. സർക്കാർ സഹായങ്ങളും സേവനങ്ങളും ഊർജ്ജിതമാവുകയും തുടർനടപടികൾ നടന്നുവരികയും ചെയ്യുന്നതിൽ ജി.എസ്.സി.ആർ.എസ്. ന്റെ പ്രവർത്തനങ്ങൾ പ്രധാന കാരണമായിട്ടുണ്ടെന്നത് സന്തോഷം പകരുന്നു. നിരവധി സാമൂഹ്യ സംഘടനകൾ ഈ മേഖലയിൽ സേവനവുമായി എത്തുവാനും ജി.എസ്.സി.ആർ.എസ്. പ്രവർത്തനങ്ങൾ പ്രേരണയായി.

ഈ പ്രദേശം കേന്ദ്രീകരിച്ചിട്ടുള്ള പ്രവർത്തനവും സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് സർവ്വശിക്ഷാ അഭിയാന്റെ (എസ്.എസ്.എ.) റാന്നി ബി.ആർ.സി. യുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയും സഹായങ്ങളും നൽകിയതിന്റെ ഫലമായി ഈ മേഖ

Chairman Secretary Treasurer

ലയിലെ പുതുതലമുറയെ ദിശാബോധമുള്ളവരായി നേർവഴിയിൽ വളരുവാൻ തക്കവണ്ണം മുഴുവൻ കുട്ടികളേയും സ്കൂൾ പഠനത്തിലെത്തിക്കുവാൻ കഴിഞ്ഞു. കാരുണ്യഹസ്തം എന്ന രണ്ടാമത്തെ പദ്ധതി 24.10.2010 ൽ ആരംഭിച്ചു. അനാഥശാല, രോഗികൾ, തെരുവിലല യുന്നവർ ഇവർക്കിടയിൽ സാന്ത്വന സന്ദർശനം നടത്തുക. ഭക്ഷണ വിദ്യാഭ്യാസ - രോഗി സഹായങ്ങൾ നൽകുക, പൊതുവായ ജീവകാരുണ്യ പ്രവർത്തനങ്ങൾ, ഭവന നിർമ്മാണ സഹാ യങ്ങൾ, ഭവന നിർമ്മാണം, ബോധവത്ക്കരണ പരിപാടികൾ ഇവ നടത്തിവരുന്നു.

**പത്താമത് വാർഷികം**

പത്താമത് വാർഷിക ജനറൽ ബോഡിയോഗം 2019 ഏപ്രിൽ 28-ാം തീയതി ഞായർ 5.00 പി.എം. ന് കിഴക്കേതിൽ റവ. ഫാ. ബെൻസി മാത്യുവിന്റെ ഭവനത്തിൽ നടന്നു. 2018 - 2019 വർഷത്തേ കണക്ക്, റിപ്പോർട്ട് എന്നിവ അവതരിപ്പിച്ച് പാസ്സാക്കി. 29.04.2019 തിങ്കൾ വാർഷിക റിപ്പോർട്ടും കണക്കും ബഹു. ജില്ലാ രജിസ്ട്രാർ മുമ്പാകെ സമർപ്പിച്ചു.

**പ്രതിമാസ ജാഗരണ പ്രാർത്ഥനായോഗം**

2012 ഫെബ്രുവരി 20 ന് തുടക്കം കുറിച്ച പ്രതിമാസ ജാഗരണ പ്രാർത്ഥന ദൈവകൃപ യിൽ മുടക്കം കൂടാതെ നടന്നുവന്നു. എന്നാൽ ഇക്കൊല്ലം വിവിധ പ്രതികൂല സാഹചര്യങ്ങളാൽ എല്ലാ മാസവും ചേരുവാൻ കഴിഞ്ഞിട്ടില്ലെന്നത് ദുഃഖകരമാണ്.

എല്ലാ മാസവും അവസാന ഞായറാഴ്ചയോ ക്രമീകരിക്കപ്പെട്ട മറ്റ് ദിവസങ്ങളിലോ അംഗ ങ്ങളുടെ ഭവനങ്ങളിൽ പ്രാർത്ഥനയും കമ്മറ്റിയോഗവും നടത്തിവരികയാണ് പതിവ് നാളിതു വരെ 70 പ്രാർത്ഥനാ സംഗമങ്ങൾ നടന്നു. ഇക്കൊല്ലം നാല് പ്രാർത്ഥനായോഗവും കമ്മറ്റിയും നടന്നു.

## ജി.എസ്.സി.ആർ.എസ്. ഡയറക്ടർ ബോർഡ് അംഗങ്ങൾ

**2019 - 20 വർഷത്തെ ഭാരവാഹികൾ**

1) റവ. ഫാ. ബെൻസി മാത്യു കിഴക്കേതിൽ (ചെയർമാൻ)
2) ശ്രീ. ബേബി ജോൺ, മണിമലേത്ത് (സെക്രട്ടറി)
3) ശ്രീ. ബിജു എൻ.സി., നടുവത്താനി (ട്രഷറാർ)
4) ശ്രീ. കെ.ഐ. ഏബ്രഹാം, തെങ്ങടയിൽ
5) ശ്രീ. കെ.എം. മാത്യു, കണ്ണന്താനത്ത്
6) ശ്രീ. ഷാജി ജോസഫ്, വെൺമേലിൽ കിഴക്കേതിൽ
7) ശ്രീ. ബിന്നി ശാമുവേൽ, തലക്കോട്ട്

**എക്സിക്യൂട്ടീവ് അംഗങ്ങൾ**

ശ്രീ. ജയിംസ് ഏബ്രഹാം മേലേൽ, ശ്രീ. കെ.എ. ജോസ് കാരാംകുറ്റിയിൽ, ശ്രീ. ജയിംസ് വേലുകിഴക്കേതിൽ, ശ്രീ. ലിജു കുറിയാക്കോസ് തേക്കാട്ടിൽ, ശ്രീ. ബിനു കെ. സാം കുഴികാ ലായിൽ, ശ്രീ. ബിനു കുളമടയിൽ, ശ്രീ. തോമസ് പി. ഫിലിപ്പ് പുവക്കുളത്ത്

Chairman Secretary Treasurer

-5-

## വരവ് - ചെലവ് കണക്ക്

2019 – 2020 സാമ്പത്തിക വർഷത്തിൽ 321317.97 രൂപ മുൻ നീക്കിയിരുപ്പും 143249.00 രൂപ വരവും 223470.00 രൂപ ചെലവും 241096.97 രൂപ നീക്കിബാക്കിയും ഉണ്ട്.

## ബാങ്ക് അക്കൗണ്ട്

റാന്നി സൗത്ത് ഇന്ത്യൻ ബാങ്കിൽ 0322053000005567 എന്ന അക്കൗണ്ട് ഫാ. ബെൻസി മാത്യുവിന്റെ പേരിലും 0322053000011438 എന്ന അക്കൗണ്ട് ചെയർമാൻ, സെക്രട്ടറി എന്നിവരുടെ ജോയിന്റ് അക്കൗണ്ടിലും നിലവിലുണ്ട്.

## ശതാബ്ദി സ്നേഹസംഗമം

അനുഗ്രഹീതമായ 10 വർഷങ്ങൾ പൂർത്തിയാക്കിയതിന്റെ നന്ദി സൂചകമായ ഒരു സ്തോത്ര പ്രാർത്ഥനയും G S C R S കുടുംബാംഗങ്ങളുടെ ദശാബ്ദി സ്നേഹസംഗമവും നടത്തുവാൻ ആഗ്രഹിച്ചത് ഇക്കൊല്ലം നടത്തുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

## നന്ദി

സേവനപാതയിൽ കാത്ത് പരിപാലിച്ച ദൈവ തിരുമുമ്പാകെ ഒരായിരം നന്ദി കരേറ്റുന്നു. നല്ല ശമര്യാക്കാരായി പ്രവർത്തിക്കുവാൻ തുടർന്നും ദൈവകൃപകൾക്കായി യാചിക്കുന്നു. നടത്തിയ ഓരോ പ്രവർത്തനങ്ങളിലും ശ്രമദാനം, ദാനമായി വിഭവങ്ങൾ ലഭിക്കുക എന്നിവ ഉണ്ടായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സഹായ സഹകരണത്താൽ ലാഭകരമായി ചെയ്യുവാൻ ഏവരും സഹകരിച്ചു. മാധ്യമ പ്രവർത്തകരുടെ സഹകരണവും സ്നേഹവും എടുത്തുപറയത്തക്കതാണ്. നന്ദി രേഖപ്പെടുത്തുന്നു. സജീവ പ്രവർത്തകനായിരുന്ന അകാലത്തിൽ മരിച്ച സിബിൻ തോമസ് പാറാനിക്കൽ, ഡോ. എൽ. മിനി എന്നിവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നു. ചെറുതും വലുതുമായി സഹായിച്ചവർ, സഹകരിച്ചവർ, പ്രാർത്ഥിച്ചവർ, പ്രോത്സാഹനങ്ങൾ നൽകിയവർ എല്ലാവരേയും ഓർത്ത് പ്രാർത്ഥിച്ചുകൊണ്ടും ദൈവതിരുമുമ്പാകെ വീണ്ടും നന്ദി കരേറ്റിക്കൊണ്ടും ഈ റിപ്പോർട്ട് അവതരിപ്പിച്ചുകൊള്ളുന്നു.

For Good Samaritan Charitable & Relief Society
Ranny

**ഫാ. ബെൻസി മാത്യു**
(ചെയർമാൻ)
Chairman

**ബേബി ജോൺ മണിമലേത്ത്**
(സെക്രട്ടറി)
Secretary

**ബിജു എൻ.സി. നടുവത്താനിൽ**
(ട്രഷറാർ)

GOOD SAMARITAN CHARITABLE & RELIEF SOCIETY
PAZHAVANGADI P.O.
RANNY-689 673
KERALA, INDIA
Reg. No: P.430/2009

റാന്നി
30.08.2020

Chairman
Secretary